# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

പ്രകൃതിക്ഷോഭവും പ്രളയക്കെടുതിയും - വിവിധ പരീക്ഷകളുടെ പുനർമൂല്യനിർണ്ണയത്തിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തിയതികൾ നീട്ടിനൽകുന്നതിനുള്ള ശിപാർശ - അംഗീകരിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പരീക്ഷാ വിഭാഗം ഇ.എ II സെക്ഷൻ

നം.366/ഇ എ II/2/184/2018/പരീക്ഷ തിയതി, പ്രിയദർശിനി ഹിൽസ് , 23 ഓഗസ്റ്റ് 2018

---

പരാമർശം: കോട്ടയം എസ്.എം.ഇ -യിലെ ബി.എസ് സി മെഡിക്കൽ മൈക്രോബയോളജി വിദ്യാർത്ഥിനി ആതിര വിനോദ് സമർപ്പിച്ച 21/08/2018 തിയതിയിലെ അപേക്ഷ

<u>ഉത്തരവ്</u>

കോട്ടയം സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷനിലെ ബി.എസ് സി മെഡിക്കൽ മൈക്രോബയോളജി വിദ്യാർത്ഥിനി ആതിര വിനോദ് മേൽ പരാമർശ പ്രകാരം സമർപ്പിച്ച അപേക്ഷയിൽ; ശക്തമായ കാലവർഷവും പ്രളയക്കെടുതിയും മൂലം ഗതാഗതവും ആശയവിനിമയ സംവിധാനങ്ങളും തകരാറിലായ സാഹചര്യത്തിൽ, പുനർമൂല്യനിർണ്ണയത്തിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തിയതിയായ 18/08/2018-നു മുൻപായി അപേക്ഷ സമർപ്പിക്കുവാൻ തനിക്ക് സാധിച്ചില്ല എന്നും, ആയതിനാൽ അതിനുള്ള സാഹചര്യം ഒരുക്കിത്തരണമെന്നും അപേക്ഷിച്ചിരുന്നു.

പ്രസ്തുത വിഷയം പരിഗണിച്ച രജിസ്ട്രാർ; പുനർമൂല്യനിർണ്ണയത്തിനായി അപേക്ഷിക്കേണ്ട അവസാന തീയതി 15/08/2018 മുതൽ 30/08/2018 വരെ എന്ന് നിശ്ചയിച്ചിരുന്ന വിവിധപരീക്ഷകളുടെ പുനർമൂല്യനിർണ്ണയത്തിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തിയതി, പിഴ ഈടാക്കാതെ തന്നെ 04/09/2018 വരെ നീട്ടി നൽകുന്നതിന് ശിപാർശ ചെയ്തു.

പ്രസ്തുത ശിപാർശ വൈസ് ചാൻസലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

ജോൺ എ

അസിസ്റ്റന്റ് രജിസ്ട്രാർ XI (പരീക്ഷാ വിഭാഗം)

പരീക്ഷാ കൺട്രോളർക്കു വേണ്ടി

പകർപ്പ്:

1. വൈസ് ചാൻസലർ /പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ മാർ
3. ജെ. ആർ I / II/ IV /എ .ആർ II/XI/XX (പരീക്ഷ)
4. സി.ഇ സെക്ഷൻ /PRO യ്ക്ക് പത്രക്കുറിപ്പ് പുറപ്പെടുവിക്കുന്നതിന്
5. ഐ ക്യൂ എ സി /കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
6. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ